# വെളിപ്പാട് പുസ്തക പഠനം – 21

# വലങ്കൈയിലെ ഏഴു നക്ഷത്രങ്ങളും

# സൂര്യശോഭിത വദനവും

ഡോ. സി.വി.ആൻഡ്ര്യൂസ്

**'അവന്റെ വലങ്കയ്യിൽ ഏഴ് നക്ഷത്രം ഉൺട്. അവന്റെ വായിൽ നിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു. അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നത് പോലെ ആയിരുന്നു''. (വാക്യം 16)**

## അവന്റെ വലങ്കൈയ്യിലെ ഏഴ് നക്ഷത്രം

വലങ്കൈ അധികാരത്തെയും ശക്തിയെയും ഭദ്രതയെയും കാണിക്കുന്നു. (സങ്കീർത്തനം 18:35, 16:11, യെശയ്യാവ് 41:10, പുറപ്പാട് 15:6, സങ്കീർത്തനം 108:6) രക്ഷയും സംരക്ഷണവും യിസ്രായേൽ ദൈവത്തിൽ നിന്നും ആഗ്രഹിച്ചു. (സങ്കീർത്തനം 17:7, 80:15) യേശുവിന്റെ കൈകളിൽ ഒരിക്കൽ റോമൻ അധികാരികൾ ആണികൾ അടിച്ചതാണ്. ആണികളിന്മേൽ യേശു നമുക്ക് വേൺടി തൂങ്ങിക്കിടന്നതാണ്. ഇന്ന് യേശുവിന്റെ വലങ്കൈയിൽ ഏഴ് നക്ഷത്രം കാണുന്നു. ഏഴ് നക്ഷത്രം ഏഴ് സഭകളുടെ ദൂതന്മാരാകുന്നു എന്ന് 1:20 ൽ വായിക്കുന്നു. ഇവിടെ ദൂതന്മാർ എന്ന് തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് പദത്തിന്റെ ശരിയായ അർത്ഥം സന്ദേശവാഹകൻ എന്നാണ്. ദൈവത്തിൽ നിന്നും ദൂത് പ്രാപിച്ച് സഭയ്ക്ക് നൽകുന്ന സഭാശുശ്രൂഷകന്മാരെ ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഈ വാക്യമനുസരിച്ച് സഭാശുശ്രൂഷകർ കർത്താവിന്റെ വലങ്കൈയ്യിലാണ് സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. വലങ്കരം ബലത്തെ കാണിക്കുന്നു. (സങ്കീർത്തനം 109:27, 77:10, 15) ഇതുകൊൺടാണ് ''നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവര തന്നെ, ഇരട്ടിമാനത്തിന് യോഗ്യരായി എണ്ണു''വാൻ പറഞ്ഞിരിക്കുന്നത്. (1 തിമോഥെയോസ് 5:17.)

ശുശ്രൂഷകന്മാരെ പിശാച് ഉന്നം വച്ചിട്ടുൺട്. അതുകൊൺടാണ് കർത്താവിന്റെ വലങ്കൈയ്യിൽ അവരെ സൂക്ഷിച്ചിരിക്കുന്നത്. യേശുവിന്റെ കൈകളിൽ ഇരിക്കുന്നിടത്തോളം കാലം സാത്താന് അവരെ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. തന്റെ ദൂതൻ എന്ന നിലയിൽ ദൈവത്തിന്റെ കൈകളിൽ വഹിക്കപ്പെടുന്നത് ഒരു പ്രത്യേക അവകാശമാണ്. ഒരുവൻ കർത്താവിന്റെ കൈകളിൽ വഹിക്കപ്പെട്ടവനായാൽ അവൻ ബഹുമാനത്തിന് യോഗ്യനാണ്. സഭാശുശ്രൂഷകന്മാരെ എത്ര കരുതലോടെയാണ് തന്റെ ബലമുള്ള കൈകളിൽ സൂക്ഷിക്കുന്നത്.സഭാശുശ്രൂഷകന്മാർ മാത്രമല്ല, ''സകല വിശുദ്ധന്മാരും തൃക്കയ്യിൽ ഇരിക്കുന്നു'' (ആവർത്തനം 33:3) അവന്റെ കൈയ്യിൽ നിന്നും പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല. (യോഹന്നാൻ 10:29)

വലങ്കൈ ശക്തിയെ കാണിക്കുന്നു. സഭയുടെ ദൂതന്മാർ അവന്റെ അധീനതയിലാണ്. അവർക്ക് അധികാരം ലഭിക്കുന്നത് യേശുവിൽ നിന്നാണ്. കർത്താവ് അവരെ ബലമായി പിടിച്ചിരിക്കുകയാണ്. ''നിന്റെ വലങ്കൈ എന്നെ താങ്ങി'' (സങ്കീർത്തനം 18:35). ''തന്റെ വലങ്കൈയ്യുടെ രക്ഷാകരമായ വീര്യപ്രവൃത്തികളാൽ അവന്

ഉത്തരമരുളും''. (സങ്കീർത്തനം 20:6). ''യിസ്രായേലിന് മാനസാന്തരവും പാപമോചനവും നൽകുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കൈയ്യാൽ ഉയർത്തിയിരിക്കുന്നു''. (അപ്പോ.പ്രവൃ 5:31). ഈ വേദഭാഗങ്ങൾ നമ്മുടെ ഭദ്രതയെ ഉറപ്പിക്കുന്നു.

## വായിൽ മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ

ഇരുവശത്തേക്കും പ്രയോഗിക്കുന്നതിന് ഉപയോഗമുള്ളതാണ് ഇരുവായ്ത്തലയുള്ള വാൾ. തിരുവചനത്തെ എബ്രായർ 4:12 ൽ ''ഇരുവായ്ത്തലയുള്ള വാൾ'' എന്ന് പറഞ്ഞിരിക്കുന്നു. ശക്തിയേറിയതും മൂർച്ചയേറിയതുമായ വചനമാണ് തന്റെ വായിൽ നിന്നും വെളിയിലേക്ക് വരുന്നത്. ആ വചനം കൽപ്പിച്ചത് പോലെ കാര്യം സാധിക്കുകയും ചെയ്യുന്നു. ''ദൈവവചനം ആത്മാവിന്റെ വാളാണ്''. (എഫെസ്യർ 6:17) വെളിപ്പാട് 1:15 ൽ ''അവിടുത്ത ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ആയിരുന്നു''. 16 ാം വാക്യത്തിൽ ''അവന്റെ വായിൽ നിന്നും മൂർച്ചയേറിയ വാൾ പുറപ്പെടുന്നു''. ഈ രൺടു വാക്യങ്ങളും ചേർത്തുപഠിക്കുമ്പോൾ യേശു എപ്പോഴും ദൈവവചനം പരിശുദ്ധാത്മാവിന്റെ ശക്തിയിലാണ് സംസാരിച്ചതെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. അവിടുന്ന് വളരെ സൗമ്യതയോടെ സംസാരിച്ചു. എന്നാൽ ആവശ്യമുള്ളിടത്ത് അവിടുന്ന് തുറന്ന് ശാസിച്ചു.

സുവിശേഷങ്ങളിൽ കർത്താവിന്റെ വായിൽ നിന്നും ലാവണ്യവാക്കുകൾ പുറപ്പെട്ടതായി കാണുന്നു. (ലൂക്കോസ് 4:22). എന്നാൽ ഇവിടെ ഇരുവായ്ത്തലയുള്ള വാൾ ആണ് പുറപ്പെടുന്നത്. ''ദൈവവചനം ..............ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും മൂർച്ചയേറിയതും അത് പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ച് ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു'' എന്ന് കാണുന്നു. (എബ്രായർ 4:12) ''എന്റെ വായിലെ വാള് കൊൺട് അവരോട് പോരാടും''. (വെളിപ്പാട് 2:16) ''ദൈവവചനം എന്ന ആത്മാവിന്റെ വാൾ കൈക്കൊൾവിൻ'' (എഫെസ്യർ 6:17) ''അവൻ എന്റെ വായെ മൂർച്ചയുള്ള വാൾ പോലെയാക്കി'' (യെശയ്യാവ് 49:2).

ക്രിസ്തുവിന്റെ വായിൽ നിന്ന് പുറപ്പെടുന്ന വാൾ നീതിയുടെ വാളാണ്. (വെളിപ്പാട് 19:15,21) ''നിങ്ങളെ പീഢിപ്പിക്കുന്നവർക്ക് പീഢയും പീഢ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോട് കൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ''. (2 തെസ്സലോനിക്യർ 1:8)

ഇരുവായ്ത്തലയുള്ള വാളിൽ ഒന്ന് രക്ഷയ്ക്കും മറ്റേത് അന്തിക്രിസ്തുവിന്റെയും കൂട്ടരുടെയും നിഗ്രഹത്തിനും ഉപയോഗിക്കുന്നു. കർത്താവ് തന്റെ വിശുദ്ധന്മാരുമായുള്ള പരസ്യവരവിങ്കൽ തന്നോട് യുദ്ധത്തിന് വരുന്ന എതിർക്രിസ്തുവിനോടും കള്ളപ്രവാചകനോടും പോരാടുകയും ഇവരെ തീപ്പൊയ്കയിൽ തള്ളിയിടുകയും ചെയ്യും. ഇവരുടെ കൂടെയുള്ളവരെ തന്റെ വായിൽ നിന്നും പുറപ്പെടുന്ന മൂർച്ചയുള്ള വാൾ കൊൺട് കൊന്നുകളയും. എതിർക്രിസ്തുവിനെ ഒടുക്കുന്നത് തന്റെ വായിലെ ശ്വാസത്താൽ ആണ്. ''അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും''. (2 തെസ്സലോനിക്യർ 2:8) ''തന്റെ വായ് എന്ന വടി കൊൺട് അവൻ ഭൂമിയെ അടിക്കും. തന്റെ അധരങ്ങളുടെ ശ്വാസം കൊൺട് ദുഷ്ടനെ കൊല്ലും''. (യെശയ്യാവ് 11:4) എതിർക്രിസ്തുവിന് സഹായം ചെയ്യുന്ന

ജാതികളെ വെട്ടുന്നതും കർത്താവിന്റെ വായിൽ നിന്നും പുറപ്പെടുന്ന വാളുകൊൺടാണ്. (വെളിപ്പാട് 19:1521)

കർത്താവിന്റെ വായിൽ നിന്നും പുറപ്പെടുന്ന അതേ വാളുകൊൺട് അവൻ സഭയ്ക്കുള്ളിലെ ദുരുപദേശക്കാരോടും ദുർന്നടപ്പുകാരോടും പോരാടും. യിസ്രായേൽ മക്കൾ വിഗ്രഹാർപ്പിതം തിന്നേൺടതിനും ദുർന്നടപ്പ് ആചരിക്കേൺടതിനും അവരുടെ മുമ്പിൽ ഇടർച്ച വെപ്പാൻ ബാലാക്കിന് ഉപദേശിച്ചു കൊടുത്ത ബിലയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ പെർഗ്ഗമോസിലെ സഭയിൽ ഉൺടെന്നും അവർ മാനസാന്തരപ്പെടാഞ്ഞാൽ കർത്താവ് തന്റെ വായിലെ വാളുകൊൺട് അവരോട് പോരാടുമെന്നും വെളിപ്പാട് 2:14–16 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും അപ്പോസ്തോലിക കാലത്ത് സഭയിൽ നുഴഞ്ഞുകയറിയിരുന്നു. (2 പത്രോസ് 2:15, യൂദാ 11) കർത്താവിന്റെ വായിൽ നിന്നും പുറപ്പെടുന്ന വാൾ ഇങ്ങനെയുള്ളവരോടെല്ലാം പോരാടാനും കൂടിയാണ്. കൂടാതെ അവന്റെ വായിൽ നിന്നും വരുന്ന വചനങ്ങൾ മൂലം മരിച്ചവർ ഉയിർക്കുകയും രോഗികൾ സൗഖ്യം പ്രാപിക്കുകയും ഭൂതഗ്രസ്തർ സുബോധമുള്ളവരായി തീരുകയും ചെയ്യുന്നു. അവന്റെ ലാവണ്യവാക്കുകൾ നിമിത്തം എല്ലാവരും അവനെ പുകഴ്ത്തുകയും ചെയ്യുന്നു. (ലൂക്കോസ് 4:22)

## ദൈവവചനത്തിന് നൽകിയിരിക്കുന്ന പേരുകൾ

1. ഇരുവായ്ത്തലയുള്ള വാൾ – എബ്രായർ 4:12

2. കെടാത്ത ബീജം – 1 പത്രോസ് 1:23

3. ജീവന്റെ വചനം – ഫിലിപ്പ്യർ 2:15

4. ദീപം – സങ്കീർത്തനം 119:105

5. മായമില്ലാത്ത പാൽ – 1 പത്രോസ് 2:2

6. തീ – യിരമ്യാവ് 23:29

7. പാറയെ തകർക്കുന്ന ചുറ്റിക – യിരമ്യാവ് 23:29

8. കൃപയുടെ വചനം – അപ്പോസ്തല പ്രവൃത്തികൾ 20:32

9. കണ്ണാടി – യാക്കോബ് 1:23, 24

10. ജീവന്റെ അപ്പം – യിരമ്യാവ് 15:16

നമ്മുടെ യേശു പ്രത്യക്ഷപ്പെടുവാൻ സമയമായി. തന്റെ പരസ്യവരവിൽ തന്റെ വായിൽ നിന്നും പുറപ്പെടുന്ന ഇരുവായ്ത്തലയുള്ള വാൾ മൂലം അഹങ്കാരികളും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും. ആകയാൽ പ്രിയരെ, നമ്മുടെ പ്രവാസകാലം ഭയത്തോടും വിറയലോടും ഭക്തിയോടും കഴിക്കാം.

## മുഖം സൂര്യനെപ്പോലെ

നമ്മുടെ കർത്താവായ യേശുക്രിസ്തു തന്റെ മനുഷ്യാവതാരത്തിലും കഷ്ടമരണത്തിലും വളരെ താഴ്മ സ്വീകരിച്ചു. തലയിൽ മുൾക്കിരീടം വച്ചു. കൈകാലുകളിൽ ആണികൾ അടിക്കപ്പെട്ടു. മുഖം വിരൂപമായി. എന്നാൽ ഇന്ന് മഹത്വത്തിൽ എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു. ഇവിടെ കർത്താവിന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നത് പോലെ. സൂര്യൻ സാധാരണ ശോഭിക്കുന്നത് പോലെ ശോഭിച്ചാൽ ചൂട് അധികം കാണില്ല. എന്നാൽ ശക്തിയോടെ ശോഭിക്കുമ്പോൾ ചൂട് അധികമാകും. തേജസ്ക്കരിക്കപ്പെടുന്ന കർത്താവിന്റെ മുഖം കാണുന്നിടത്തെല്ലാം സൂര്യനെപ്പോലെ ശോഭയുള്ളതായിട്ടാണ് കാണുന്നത്. മറുരൂപമലയിൽ വച്ച് യോഹന്നാൻ ഇത് ഒരിക്കൽ കൺടതാണ്. അവിടെ പത്രോസും യാക്കോബും യോഹന്നാനും ഉൺടായിരുന്നു. മോശെ സീനായ് പർവ്വതത്തിൽ നിന്നിറങ്ങുമ്പോൾ യിസ്രായേൽ മക്കൾ അവന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിക്കുന്നത് കൺടു. (പുറപ്പാട് 34:30) ദൈവതേജസ്സിന്റെ മാഹാത്മ്യം അവന്റെ മുഖത്ത് കാണുന്നു. പൗലോസ് തേജസ്ക്കരിക്കപ്പെട്ട കർത്താവിന്റെ സന്ദർശനത്തിൽ സൂര്യനെ കവിഞ്ഞൊരു പ്രകാശം ആയിരുന്നു തന്നെ കുതിരപ്പുറത്ത് നിന്നും തറയിൽ വീഴുവാൻ കാരണമാക്കിയത്. അപ്പോസ്തല പ്രവൃത്തികൾ 26:13. ഗത്സമെന മുതൽ കാൽവറി വരെ അവനെ തുപ്പിയും അടിച്ചും രോമങ്ങൾ പിഴുതെടുത്തും ആളെ തിരിച്ചറിയുവാൻ കഴിയാത്തത് പോലെ വികൃതമാക്കപ്പെട്ട മുഖം യോഹന്നാൻ ഇപ്പോൾ കാണുന്നത് സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നത് പോലെയാണ്. ഈ ശോഭയുടെ മുമ്പിൽ യോഹന്നാന് നിൽക്കുവാൻ കഴിഞ്ഞില്ല. അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ദൈവത്തെയാണ് സൂര്യൻ സാദൃശീകരിക്കുന്നത്. (1 തിമോ 6:16, മലാഖി 4:25, സങ്കീർത്തനം 84:11)

''സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണം കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണം ഞങ്ങളെ മറപ്പിൻ'' എന്ന് വെളിപ്പാട് 6:16 ൽ കാണുന്നു. അവനെ അനുസരിക്കാത്തവർക്കുൺടാകുന്ന അനുഭവമാണത്. യഹോവ തന്റെ ജനത്തിന്മേൽ തിരുമുഖം പ്രകാശിപ്പിക്കുന്നതിനേപ്പറ്റി തിരുവചനത്തിൽ കാണുന്നു. ''യഹോവ തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ച് നിന്നോട് കൃപയുള്ളവനാകട്ടെ. യഹോവ തിരുമുഖം നിന്റെ മേൽ ഉയർത്തി നിനക്ക് സമാധാനം നൽകുമാറാകട്ടെ'' എന്നിങ്ങനെ പുരോഹിതന്മാർ യിസ്രായേലിനെ അനുഗ്രഹിക്കണമെന്ന് കൽപ്പിച്ചിരിക്കുന്നു. (സംഖ്യാപുസ്തകം 6:25, 26) ''നിന്റെ മുഖം പ്രകാശിപ്പിക്കേണമെ'' എന്ന് ദാവീദ് പ്രാർത്ഥിച്ചു. (സങ്കീർത്തനം 4:6) ''ഞങ്ങൾ രക്ഷപ്പെടേൺടതിന് തിരുമുഖം പ്രകാശിപ്പിക്കേണമെ'' എന്ന് ആസാഫ് പ്രാർത്ഥിച്ചു. (സങ്കീർത്തനം 80:3) ''പൂർവ്വപിതാക്കന്മാർക്ക് വിജയം തിരുമുഖം പ്രകാശിപ്പിച്ചത് കൊൺടാണ്'' എന്ന കോരഹ്പുത്രന്മാർ പറഞ്ഞു. (സങ്കീർത്തനം 44:3) ''അടിയന്റെ മേൽ തിരുമുഖം പ്രകാശിപ്പിച്ച് നിന്റെ ചട്ടങ്ങളെ എനിക്ക് ഉപദേശിച്ചു തരേണമെ'' (സങ്കീർത്തനം 139:135) ''ഇരുട്ടിൽ നിന്നും വെളിച്ചം പ്രകാശിക്കേണം എന്നരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേൺടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു''. (2 കൊരിന്ത്യർ 4:6)

ഇവിടെ ദൈവനാമമഹത്വത്തിന്റെ പൂർണ്ണതയിൽ യോഹന്നാൻ യേശുവിനെ കാണുന്നു. നാമും ഒരു ദിവസം അതേ പൂർണ്ണതയിൽ അവനെ കാണും. യേശു തിരികെ വരുമ്പോൾ അവൻ നീതിസൂര്യൻ ആയിരിക്കും. (മലാഖി 4:2) ഭൗമീക സൂര്യന്റെ പ്രകാശത്തെ വെല്ലുന്ന പ്രഭയായിരിക്കും യേശുക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ് പ്രതിഫലിപ്പിക്കുന്നത്. പുതിയ യെരുശലേം എന്ന

ദൈവകുഞ്ഞാടിന്റെ നഗരത്തിൽ സൂര്യനും ചന്ദ്രനും നഗരത്തെ പ്രകാശിപ്പിക്കുവാൻ ആവശ്യമില്ലാതെവണ്ണം ദൈവതേജസ് അതിനെ പ്രകാശിപ്പിക്കുകയും കുഞ്ഞാട് അതിന്റെ വിളക്ക് ആയിരിക്കുകയും ചെയ്യും. ''ഇനി രാത്രി ഉൺടാകുകയില്ല. ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നത് കൊൺട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല''. (വെളിപ്പാട് 21:23, 22:5)

''നിന്റെ പ്രകാശം എനിക്ക് കാണിക്കേണമെ'' എന്ന് മോശെ ദൈവത്തോട് അപേക്ഷിച്ചു. (പുറപ്പാട് 33:18) ''നിനക്ക് എന്റെ മുഖം കാണാൻ കഴിയുകയില്ല. ഒരു മനുഷ്യനും എന്നെ കൺട് ജീവനോടിരിക്കുകയില്ല'' എന്ന് യഹോവ മറുപടി പറഞ്ഞു. പുറപ്പാട് 33:20. മനുഷ്യന് കാണുവാൻ കഴിയുന്ന അളവിൽ മാത്രമാണ് ദൈവതേജസ് മനുഷ്യന് വെളിപ്പെടുത്തുന്നത്. ഈ വിധത്തിലാണ് പത്മോസ് ദ്വീപിൽ കിടന്ന യോഹന്നാന് ക്രിസ്തു പ്രത്യക്ഷമായത്. എന്നിട്ടും യോഹന്നാൻ മരിച്ചവനെപ്പോലെ യേശുവിന്റെ കാല്ക്കൽ വീണു.